LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിലെ റോഡുകളുടെ ടെണ്ടർ വിളിച്ചപ്പോൾ കരാറുകാർ ക്വോട്ട് ചെയ്ത റേറ്റ് വളരെ കൂടുതലായതിനാൽ റോഡ് പാക്കേജുകൾ ചെറുതായി ടെണ്ടർ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) പാക്കേജുകളിലെ വലിപ്പം മൂലവും ക്വോട്ട് ചെയ്ത റേറ്റ് കൂടുതലായതിനാലും വലിയ തുക കണ്ടെത്തേണ്ടിവരുമെന്നതിനാലുമാണ് അംഗീകാരം ലഭിക്കാത്തത്. ആയതിനാൽ പാക്കേജുകളുടെ വലിപ്പം കുറച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണം

258 (4890) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണത്തിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

4.70 കി.മീ.ദൈർഘ്യമുള്ള കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ റോഡിന്റെ 0/000 മുതൽ 1/100 വരെ ബി.എം&ബി.സി പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗത്തിന്റെ പുതുക്കിയ നിരക്കിലുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് നിർമ്മാണം

259 (4891) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - കുന്നംകുളം നിയോജകമണ്ഡലം ചാവക്കാട് വടക്കാഞ്ചേരി റോഡിലെ കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം റോഡ് പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ പണി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) സാധാരണയുള്ള വാഹനങ്ങൾക്കു പുറമേയായി ഗുരുവായൂർ അമ്പലദർശനത്തിന്റെ ഭാഗമായും മറ്റും വടക്കൻ ജില്ലകളിൽനിന്നും, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമായി ദിനംപ്രതി ആയിരക്കണക്കിന് ഭക്തരുടെ വാഹനങ്ങൾ കടന്നുപോകുന്ന ഈ റോഡിന്റെ ഗതാഗത പ്രാധാന്യം കണക്കിലെടുത്ത് റോഡു പണി പൂർത്തീകരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ചാവക്കാട് വടക്കാഞ്ചേരി റോഡ് (എസ്എച്ച്.) 5/785 മുതൽ 9/400 വരെ (ചാട്ടുകുളം മുതൽ കുന്ദംകുളം വരെ)യുള്ള 3.615 കിലോമീറ്റർ നീളം പുനരുദ്ധാരണ പ്രവൃത്തി ചെയ്ത് ബി.എം. & ബി.സി. ചെയ്യുന്നതിന് 14-7-2009-ൽ 185 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തി 14-10-2009-ന് ടെണ്ടർ ചെയ്ത് ശ്രീ. കെ. വി. ജോർജ്ജ് എന്ന കരാറുകാരന് 35 ശതമാനം അധിക നിരക്കിൽ (2009 SOR) കരാർ നൽകുകയും, 24-4-2012-ന് സൈറ്റ് കൈമാറ്റം ചെയ്യുകയും ചെയ്തു. ഈ റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത് കാന നിർമ്മാണവും കല്ലുകളുടെ പുനഃനിർമ്മാണവും എക്സ്റ്റൻഷൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ചാട്ടുകുളം മുതൽ കുന്ദംകുളം വരെയുള്ള ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് മെയിൻ പൈപ്പ് കാലപ്പഴക്കത്തിനാൽ പമ്പ് ചെയ്യുമ്പോൾ ഇടയ്ക്കിടയ്ക്ക് പൊട്ടുകയും, തദ്വാര റോഡ് പൊട്ടിതകരുകയും ചെയ്യുന്ന അവസ്ഥയായിരുന്നു. ആയതിനാൽ പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കാതെ റോഡ് പുനരുദ്ധാരണ പ്രവർത്തി മുന്നോട്ട് കൊണ്ട് പോകുവാൻ യാതൊരു നിർവ്വാഹവും ഉണ്ടായിരുന്നില്ല. പൈപ്പുകൾ പുന:സ്ഥാപിക്കാൻ വേണ്ടി 2 കോടി രൂപ വാട്ടർ അതോറിറ്റിക്ക് അനുവദിച്ച് കൊടുക്കുകയും, 21-5-2014-ൽ ചാട്ടുകുളം മുതൽ ഗേൾസ് ഹൈസ്കൂൾ വരെ പൈപ്പ് ലൈൻ പുന:സ്ഥാപിക്കുകയും ചെയ്തു. സ്ഥലം എം.എൽ.എ.-യുടെയും, ജില്ലാ കളക്ടറെയും ഉറപ്പിന്റെ അടിസ്ഥാനത്തിൽ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചതിലേക്ക് പൊതു മരാമത്ത് വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട തുക വാട്ടർ അതോറിറ്റി 19-11-2014-ന് അടയ്ക്കുകയും, തുടർന്ന് ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡിൽ നിന്നിരുന്ന കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-യിലേക്ക് 9 ലക്ഷം രൂപ കരാറുകാരൻ അടച്ചിരുന്നുവെങ്കിലും പോസ്റ്റ് മാറ്റിക്കിട്ടിയത് 28-5-2014-ന് മാത്രമാണ്. മേൽ കാരണം കൊണ്ട് കരാറുകാരന് യഥാസമയം പണി പൂർത്തീകരിക്കാൻ സാധിച്ചില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി കരാറുകാരൻ 31-1-2015-വരെ സമയം നീട്ടി ചോദിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31-1-2015-ന് മുൻപ് പണിപൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly